

# കടപ്പൂരുപള്ളിയും മൂശാരിയേട്ടുകുടുംബവും

പുരാതന ക്രൈസ്തവ കുടുംബാംഗങ്ങളുടെ ചരിത്രം തുടങ്ങുന്നത് അവരുടെ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ്. മൂശാരിയേട്ടു കുടുംബത്തിന്റെ ചരിത്രവും ഇതിൽനിന്നു ഭിന്നമല്ല.

ഒന്നാം ലോക മഹായുദ്ധത്തിനു മുൻപ് ഇവിടെ ഹിന്ദു ക്ഷേത്രങ്ങൾ ഉണ്ടായിരുന്നതു കൂടാതെ പൊതുവായി ഒരു ദേവീ ക്ഷേത്രവും കുളവും നിലനിന്നിരുന്നു. എന്നാൽ ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾക്കു ശേഷം മറ്റു പല പ്രദേശങ്ങളേയും പോലെ കടപ്പൂരിന്റെയും സാമ്പത്തിക ഭദ്രത തകർന്നുപോയി. ഇടപ്രഭുക്കളും ഭരണകർത്താക്കളുമായി കഴിഞ്ഞിരുന്നവർ ക്ഷയിച്ചു. കുടുംബജീവിതം നിത്യദാരിദ്ര്യത്തിലായി. ഉണ്ടായിരുന്ന ക്ഷേത്രങ്ങൾ നശിച്ചു. കുളം മണ്ണു നിറഞ്ഞു നികന്നുപോയി. ജീവൻ നിലനിർത്താൻ പാടുപെടുമ്പോൾ ആരാധനാലയങ്ങൾ എങ്ങനെ സംരക്ഷിക്കും ? അങ്ങിനെ കടപ്പൂരു ഗ്രാമം ആകെ അധഃപതനത്തിലായി. ജനങ്ങൾ ജീവിതമാർഗ്ഗം തേടി മലബാർ, ഹൈറേഞ്ചു പ്രദേശങ്ങളിൽ പോയിത്തുടങ്ങി. ഒരു സി.എസ്.ഐ. പള്ളി വാളുതേപ്പുംകല്ലിൽ ഉണ്ടായിരുന്നു. എങ്കിലും സാമ്പത്തിക പരാധീനതയിൽ അതും സജീവമായിരുന്നില്ല.

ഈ അവസരത്തിൽ ഇവിടെ ബാക്കിയുണ്ടായിരുന്നവർ ഒരു ആന്തരികപ്രചോദനത്തിലെന്നപോലെ തങ്ങളുടെ കഷ്ടതകളിൽ നിന്നു മുക്തിയുണ്ടാകുവാൻ ദേവാലയങ്ങൾ സ്ഥാപിച്ചു. ദൈവാരാധന നടത്തി, പാപപരിഹാരം ചെയ്യണമെന്നു തീരുമാനിച്ചു.

അതിനായി ഇവിടെയുള്ള 1 മൂശാരിയേടൻ 2 മൂത്തേടൻ 3 ചെമ്പംകുളം 4 പ്ലാത്തോട്ടം  എന്നീ നാലു പ്രമുഖകുടുംബാംഗങ്ങൾ ഒത്തു ചേർന്നു ചെട്ടിക്കാലാ എന്നു വിളിച്ചുവരുന്ന പാലുംതടം പുരയിടം ഒരേക്കർ നാല്പത്തിനാലു സെന്റും വിരിവുംകൂടി മുരിയമംഗലത്തില്ലത്തു നിന്നു വിലയ്ക്കുമാങ്ങി, മൂശാരിയേട്ടു കുടുംബാംഗമായ ഫാ. സെബാസ്റ്റ്യൻ, ചെമ്പംകുളം കുടുംബാംഗമായ ഫാ. സെബാസ്റ്റ്യൻ പുതുശ്ശേരിത്തൊട്ടി എന്നിവരെ ഒരു പള്ളി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ചുമതലപ്പെടുത്തി. എന്നാൽ യുദ്ധകാലവും സാമ്പത്തികപരാധീനതയും മൂലം ബ. വൈദികരുടെ ഔദ്യോഗികജീവിതത്തിനിടയിൽ ഒന്നും ചെയ്യാൻ അവർക്കു കഴിഞ്ഞില്ല.

യുദ്ധാനന്തരം 1957ൽ, മൂശാരിയേട്ടുകുടുംബാംഗമായ മുതുകാട്ടിൽ ജോസഫ് ആർമി സർവ്വീസിൽ  നിന്നു റിട്ടയർ ചെയ്തുവന്നയുടനെ തന്റെ സഹോദരൻ കിഴക്കേത്തൊട്ടിയിൽ കെ. പി. ജോസഫുമായി ആലോചിച്ചു. മുൻതലമുറയുടെ ആഗ്രഹപൂർത്തിക്കും പുതിയ തലമുറയുടെ നിലനിൽപിനും വേണ്ടി, ഒരു ദേവാലയം സ്ഥാപിക്കാൻ നടപടികളുമായി മുൻപോട്ടു നീങ്ങി.

അങ്ങനെ 1959 ജൂൺ മാസം 6നു പുതുശേരിത്തൊട്ടിയിൽ ശ്രീ. തൊമ്മൻ ദേവസ്യായുടെ വസതിയിൽ ഒരു പൊതുയോഗം മുതുകാട്ടിൽ ജോസഫ് വിളിച്ചുകൂട്ടി.  മൂശാരിയേട്ടു കുടുംബാംഗമായ ശ്രീ. കെ. പി ജോസഫ് കിഴക്കേത്തൊട്ടിയായിരുന്നു അദ്ധ്യക്ഷൻ. യോഗം ആലോചിച്ചു തീരുമാനിച്ചതനുസരിച്ചു പള്ളിവികാരിയും യോഗക്കാരുമായി ബന്ധപ്പെടുന്നതിനു മുതുകാട്ടിൽ ജോസഫ്, പുഞ്ചാപറമ്പിൽ അബ്രഹാം, കൊല്ലമല പൈലോ എന്നിവരെ ചുമതലപ്പെടുത്തി. അവർ ബ. വികാരിയെ കണ്ടു. അടുത്ത പള്ളിയോഗത്തിൽ നിശ്ചയം ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചു.  ഉടനെ 1960 ഫെബ്രുവരി മാസം 15 നു കടപ്പൂരു വേങ്ങയിൽ ചെറിയാൻ ജോസഫിന്റെ വീട്ടിൽ മുതുകാട്ടിൽ ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. അടുത്ത പള്ളിയോഗ

ത്തിൽ അവതരിപ്പിച്ചു. യോഗനിശ്ചയം ചെയ്യുന്നതിന് മുതുകാട്ടിൽ ജോസഫിനെയും കിഴക്കേത്തൊട്ടിയിൽ ജോസഫിനെയും ചുമതലപ്പെടുത്തി. അതിൻപ്രകാരം 1960 ഫെബ്രുവരി 26-ാം തീയതിയിലെ പള്ളിയോഗത്തിൽ പാലുതടം പുരയിടം എഴുതിവാങ്ങാനും അവിടെ ഒരു പള്ളി വയ്ക്കുന്നതിനും യോഗം നിശ്ചയം ചെയ്തു. ഉടനെ തന്നെ കല്പനയും കിട്ടി.

1961 ഡിസംബർ മാസം 31നു പുതുശ്ശേരിതൊട്ടിയിൽ ശ്രീ. തൊമ്മന്റെ വസതിയിൽ കിഴക്കേപുലിപ്ര തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മേൽപറഞ്ഞ സ്ഥലം കൂടല്ലൂർപള്ളിയിലേക്കു തീറെഴുതിക്കൊടുക്കുന്നതിനു കിഴക്കേപുലിപ്ര തോമസ്, അഴകന്ത്രവടക്കേൽ തൊമ്മൻ, കൊച്ചുപ്ലാത്തോട്ടത്തിൽ ഉലഹന്നൻ ജോസഫ്, പിണ്ടിപ്പുഴ മൂത്തേടത്ത് തൊമ്മൻ വർക്കി എന്നിവരെ ചുമതലപ്പെടുത്തിയ പ്രകാരം 8.2.1962 വ്യാഴാഴ്ച എഴുതിക്കൊടത്തു. ഈ വകയ്ക്ക് യാത്ര, ഭക്ഷണം, തീറാധാരച്ചെലവുൾപ്പെടെ ആകെ 19 രൂപാ 11 അണ 3 പൈസയാണ്.

കുരിശുപള്ളിയുടെ പണി ആരംഭിക്കുന്നതിനായി 1962 മാർച്ചുമാസം 11-ാം തീയതി വേങ്ങയിലായ കല്ലുവച്ചുപറമ്പിൽ ചെറിയാൻ ജോസഫിന്റെ വസതിയിൽ ബ. വികാരി ഫാ. ജോർജ്ജ് പരുവനാടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പിരിവു നിശ്ചയിക്കുകയും ആദ്യ പിരിവ് 19 വീട്ടുകാരിൽ നിന്നും 61 പറ നെല്ലും 4 രൂപായും വാഗ്ദാനം ലഭിക്കുകയും ചെയ്തു.

കാര്യങ്ങൾ ഇത്രയും നീക്കിയപ്പോൾ പള്ളി പണിയാൻ തീരുമാനിച്ച സ്ഥലം മെയിൻ റോഡിൽ നിന്ന് അകലെയാണെന്നും യാത്രാസൗകര്യമില്ലെന്നും സാധിക്കുമെങ്കിൽ സൗകര്യമുള്ള സ്ഥലം കണ്ടെത്താൻ ശ്രമിക്കണമെന്നും മുതുകാട്ടിൽ ജോസഫിനോടു ചിലർ ആവശ്യപ്പെട്ടു. ഉടനെ വിവരം ബ. വികാരിയെ ധരിപ്പിച്ചു. പള്ളിയിൽ വിളിച്ചു പറഞ്ഞ് കടപ്പൂരു നിവാസികളുടെ ഒരു പൊതുയോഗം മുതുകാട്ടിൽ ജോസഫിന്റെ വസതിയിൽ ബ. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. വിശദമായ ചർച്ചകൾക്കുശേഷം കടപ്പൂര് വേങ്ങയിൽ ജോസഫിന്റെ ഉടമസ്ഥതയിലുള്ളതും ഇപ്പോൾ പള്ളി സ്ഥാപിച്ചിരിക്കുന്നതുമായ സ്ഥലം ദാനമായി എഴുതിവാങ്ങി പള്ളി വയ്ക്കുവാൻ യോഗം ഏകകണ്ഠമായി തീരുമാനിച്ചു. അങ്ങനെ 1962 ഏപ്രിൽ മാസം 1-ാം തീയതി യോഗനിശ്ചയം ചെയ്ത് കല്പനയ്ക്കായി അയയ്ക്കുകയും 1962 ഏപ്രിൽ മാസം 2-ാം തീയതി

279–ാം നമ്പർ കല്പന ലഭിക്കുകയും ചെയ്തു. ഉടനെതന്നെ ആധാരവും രജിസ്റ്റർ ചെയ്തു.

യോഗനിശ്ചയം ചെയ്ത അന്നുതന്നെ വൈകുന്നേരം 5 മണിക്ക് കിഴക്കേപുലിപ്ര തോമസിന്റെ വസതിയിൽ ബ. വികാരി ഫാ. ജോർജ്ജ് പരുവനാടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു തോട്ടപ്പള്ളിപ്പുരയിടത്തിൽ പണിയാൻ തീരുമാനിച്ച കുരിശുപള്ളിയുടെ പണികൾ നടത്തിക്കുന്നതിനും പൊതുജനങ്ങളും കൂടല്ലൂർ പള്ളിയുമായി സമ്പർക്കം പുലർത്തുന്നതിനും പ്രസിഡന്റായി ബ. വികാരിയച്ചനെയും അംഗങ്ങളായി മൂശാരിയേട്ടു കുടുംബത്തിൽ നിന്നും കിഴക്കേത്തൊട്ടിയിൽ പൈലോ ജോസഫ്, കിഴക്കേപുലിപ്ര വർക്കി തോമസ്, മുതുകാട്ടിൽ ജോസഫ്, പ്ലാത്തോട്ടത്തിൽ കുടുംബാംഗമായ ഉലഹന്നൻ ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു ചുമതലപ്പെടുത്തി.

## കല്ലിടീൽകർമമം

1962 ഒക്ടോബർ മാസം 16–ാം തീയതി ചൊവ്വാഴ്ച രാവിലെ കൂടല്ലൂർ പള്ളിയുടെ ബ. വികാരി ഫാ. ജോർജ്ജ് പരുവനാടി, കുരിശുപള്ളിയുടെ പണികൾ നിർവിഘ്നം നടത്തിക്കൊണ്ടുപോകാൻ വേണ്ട അനുഗ്രഹങ്ങൾ യാചിച്ചുകൊണ്ടു ദിവ്യബലി അർപ്പിക്കുകയും (പാട്ടു കുർബാന) പിന്നീടു കുരിശുപള്ളി ആസ്ഥാനത്തെത്തി കൃത്യം പത്തരമണിക്കു കടപ്പൂരു നിവാസികളുടെ സാന്നിദ്ധ്യത്തിൽ പ്രാർത്ഥനക്കുശേഷം കല്ലിടീൽകർമ്മം ആഘോഷമായി നിർവ്വഹിക്കുകയും ചെയ്തു. ഉടനെതന്നെ പുഞ്ചാപറമ്പിൽ ചേർന്ന യോഗത്തിൽ മുൻകമ്മറ്റിക്കാരെക്കൂടാതെ പൂഞ്ചാപറമ്പിൽ അബ്രഹാം, അഴകന്ത്രവടക്കേൽ തൊമ്മൻ, കോഴിമുള്ളോരത്തു കുര്യൻ, പുതുശ്ശേരിത്തൊട്ടി ഉലഹന്നാൻ എന്നിവരെയും കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനു കിഴക്കേത്തൊട്ടിയിൽ ജോസഫിനെയും തിരഞ്ഞെടുത്തു.

പിന്നീടു തറ പണിയുന്നതിനുവേണ്ടി കല്ലു വെടിപൊട്ടിച്ചു പൊട്ടിക്കുവാൻ ഉടമ്പടി വച്ചു. അന്ന്, ഇന്നത്തെപ്പോലെ ലോറിയിൽ കല്ലുകൊണ്ടുവന്നു വില്ക്കുന്നില്ലായിരുന്നു. തെക്കേക്കര മത്തന്റെ പുരയിടത്തിൽ നിന്നു തറയ്ക്ക് ആവശ്യമായ കല്ല് ദാനമായി പൊട്ടിച്ചെടുക്കാൻ അനുവാദം കിട്ടി. കൂടല്ലൂർ പാറത്തൊട്ടി കുഞ്ഞ് എന്നു വിളിക്കുന്ന ജോസഫ് 100 ക്യൂ അടി കല്ലിന് 9 രു

റേറ്റിൽ ഉടമ്പടിയേറ്റു. 1962 ആഗസ്റ്റുമാസം 15-ാം തീയതിക്കു മുമ്പായി 4500 ക്യൂ. അടി കല്ലുപൊട്ടിച്ചുകൂട്ടി. അതു ശ്രമദാനമായി അംഗങ്ങൾ തലയിൽ ചുമന്നു കുരിശുപള്ളി സൈറ്റിൽ 18.9.1962 നു മുമ്പായി എത്തിച്ചു. നിരനിരയായി നടന്നാണു കല്ലു ചുമന്നത്. ആദ്യത്തെ കല്ലുമായി നിരയെ നയിച്ചതു നടപ്പുരയിൽ യശഃശരീര നായ ശ്രീ.റ്റി. പി. നാരായണനായിരുന്നു. സമുദായമൈത്രിയുടെ ഈ മാതൃക പ്രത്യേകം പരാമർശിക്കേണ്ടതാണ്. മറ്റു വീട്ടുകാരോ ടൊപ്പം മൂശാരിയേട്ടു കുടുംബാംഗങ്ങളും ഈ ശ്രമദാനത്തിൽ അന്ത്യം വരെ പങ്കെടുത്തു.

വാർക്കപ്പണികൾ അന്നു പ്രാബല്യത്തിലില്ലാതിരുന്നതി നാൽ തറയ്ക്കുള്ള വാനം 6 അടിയും ചിലടത്ത് 7 അടിവരെയും താഴ്ത്തിമാന്തി 4 അടി വീതിയിൽ മണ്ണു മാറ്റി തറകെട്ടി ഉടനെ ബേസ്മെന്റും തീർത്തു. തറയ്ക്ക് ആവശ്യമായ മണ്ണ് ഈരൂട് റോഡിന്റെ കൊല്ലമല ഭാഗത്തുള്ള റോഡുകയറ്റം വെട്ടിത്താഴ്ത്തി കോരിച്ചുമന്ന്, തറനിറച്ചു. കൊല്ലമല പൈലോയുടെ പറമ്പിൽ നിന്നു വെട്ടിവച്ചിരുന്ന ഭിത്തിക്കാവശ്യമായ വെട്ടുകല്ല് 1965 ഒക്ടോബർ മാസം 15-ാം തീയതിക്കു മുമ്പായി ചുമന്നു തറയിലെത്തിച്ചു. ഇതിൽ ആദ്യത്തെ കല്ലു ചുമന്ന് ഉദ്ഘാടനം ചെയ്തത് അസി. വികാരി ഫാ. മാത്യു മരങ്ങാട്ടുപള്ളിയായിരുന്നു. 100 കല്ല് വെട്ടുന്നതിന് 9 രൂപായും ചെത്തി പണിയുന്നതിന് 8 രൂപായും റേറ്റിൽ ഉടമ്പടി കൊടുത്തു. 1965 ആഗസ്റ്റു മുതൽ പാലുംതടം പുരയിടത്തിലെ അഞ്ചു വലിയ തടികൾ വെട്ടി ഉരുപ്പടി ആക്കി. ഒരു കണ്ടിത്തടിക്ക് 19 രൂപാ റേറ്റിൽ അറപ്പിച്ച് ചുമന്ന് പുഞ്ചാപറമ്പിൽ അബ്രാഹത്തിന്റെ വീട്ടിൽ അടുക്കി. കട്ടിള, ജനൽ, വെന്റിലേറ്റർ, കഴുക്കോൽ മുതലായവ പണി യാൻ ഉടമ്പടിക്ക് ഏല്പിച്ചു. 29.11.1965 ൽ പണി ആരംഭിച്ചു. ഓരോ പണിയുടേയും ആരംഭത്തിൽ കൂടല്ലൂർ പള്ളിയിൽ ഓരോ പാട്ടു കുർബാനയും ചൊല്ലിച്ചുകൊണ്ടിരുന്നു.

തടി തികഞ്ഞില്ല. ഉടനെ പൂഞ്ചാപറമ്പിൽ അബ്രഹാം, പുന്നക്കാപ്പുഴ വർക്കി, വാളിയാനിത്തൊട്ടി മാണിവർക്കി, പുതുശ്ശേ രിത്തൊട്ടിയിൽ തൊമ്മൻ ദേവസ്യാ, അഴകന്ത്രവടക്കേൽ തൊമ്മൻ, കിഴക്കേത്തൊട്ടിയിൽ ജോസഫ്, അണിയണംകുന്നേൽ ജോൺ, കള രിക്കൽ ജോർജ്ജ് എന്നിവർ ഓരോ തടി വീതം ദാനം ചെയ്തു.

ഭിത്തികെട്ട് ആരംഭിച്ചു. കട്ടിള, ജനൽ, വെന്റിലേറ്റർ വച്ചു. മേൽക്കൂടു കയറ്റി, ഓടുമേഞ്ഞു. ഓടിന്റെ വില പ്രത്യേകമായി പിരി

ച്ചെടുത്തു. എന്നാൽ മൂശാരിയേട്ടു സെബാസ്റ്റ്യനച്ചൻ പിന്നീട് അതിന്റെ വില അന്നത്തെ വികാരി ഫാ. മൈക്കിൾ പനച്ചിക്കലിനെ ഏല്പിച്ചു പള്ളിക്കണക്കിൽ വരവുവെച്ചു.

പണി തുടർന്നുകൊണ്ടുപോകാൻ പണത്തിന്റെ ബുദ്ധിമുട്ടു തടസ്സമായി. അതുകൊണ്ടു രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യപിതാവ് വയലിൽത്തിരുമേനിയെ മുതുകാട്ടിൽ ജോസഫും കിഴക്കേത്തൊട്ടിയിൽ ജോസഫും കൂടി പോയിക്കണ്ട് അപേക്ഷ സമർപ്പിച്ചു. അങ്ങനെ ബാക്കിയുള്ള പണികൾ കഴിയുംവേഗം പൂർത്തിയാക്കുന്നതിനാവശ്യമായ ധനസഹായം കൂടല്ലൂർപ്പള്ളിയിൽനിന്നു ചെയ്തുതരാൻ കല്പനയും കിട്ടി. പണി ധൃതഗതിയിൽ തുടങ്ങി. ഇക്കാര്യത്തിൽ അന്നത്തെ ബ. വികാരി ദിവംഗതനായ ഫാ. മൈക്കിൾ പനച്ചിക്കലിനെയും പണിസ്ഥലത്തു ദിവസവും വന്നു സഹായിച്ച അസി. വികാരി ഫാ. മാത്യു മരങ്ങാട്ടുപള്ളിയെയും എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല. അവരുടെ ആത്മാർത്ഥമായ സഹകരണം ഇവിടെയുള്ളവർ എന്നും സ്മരിക്കും.

കടപ്പൂരുപള്ളിയുടെ പണികൾ പൂർത്തിയായിക്കൊണ്ടിരുന്നു. പള്ളിയ്ക്കകത്ത് ആവശ്യമുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനായിരുന്നു അടുത്ത ശ്രമം. മുതുകാട്ടിൽ ജോസഫ് അതിനായി പലരെയും സമീപിച്ചു. ഇന്നിരിക്കുന്ന തടിയിൽപ്പണിത അൾത്താര, അൾത്താരക്കുമുകളിൽ സ്ഥാപിച്ചിരിക്കുന്ന തൂങ്ങപ്പെട്ട രൂപം, സക്രാരി, ഫ്ളൗവർവാസ് (6 എണ്ണം) തിരിക്കാൽ (6 എണ്ണം) മുതലായവ അതിരമ്പുഴ കൊല്ലപ്പള്ളിയിൽ കെ. എസ്. ജോസഫ് (കുഞ്ഞ്) തന്റെ ദിവംഗതയായ ഭാര്യ ലീലാമ്മയുടെ ഓർമ്മയ്ക്കായി സംഭാവന ചെയ്തു. മാതാവിന്റെ തിരുസ്വരൂപവും രൂപക്കൂടും കുമ്പിൾത്തടിയിൽ പണിയിച്ചു ബ. പുതുശ്ശേരിത്തൊട്ടിയിൽ അച്ചൻ തന്നു. ഒരു കുമ്പസരക്കൂടും കസേരയും പുതുശ്ശേരിത്തൊട്ടി തൊമ്മൻ ദേവസ്യായും വട്ടമേശ (ആറു പട്ടം) കളരിക്കൽ വർക്കി ജോർജ്ജും, ചെറിയമണി ഏറ്റുമാനൂർ പുല്ലുകാലാബ്രദേഴ്സും, പുറത്തു സ്ഥാപിച്ചിരിക്കുന്ന മാതാവിന്റെ പെഡസ്റ്റൽ രൂപം ഏറ്റുമാനൂർ ചിറയിൽ ദിവംഗതനായ ശ്രീ. സി. എൽ. ജോസഫും (ഔസേപ്പ് കുഞ്ഞ്), മുൻവശം മതിൽ, ഭണ്ടാരം, ഗെയിറ്റ് മുതലായവ അമേരിക്കയിലുള്ള കടപ്പൂരുവേങ്ങയിൽ തോമസ് അച്ചനും ചെറിയ അൾത്താരയും വിരിയും കാർപ്പെറ്റും മൂശാരിയേട്ടു കുടുംബാംഗമായ വലിയപറമ്പിൽ അന്നമ്മയും, പെഡസ്റ്റൽ ഫാനും മാതാവിന്റെ

രൂപത്തിന്റെ മുകളിലെ കുടയും ഈ കുടുംബാംഗമായ തുണ്ടത്തി ലേട്ടു മാണിയും സംഭാവന ചെയ്തിട്ടുള്ളതാണ്. തിരുക്കർമ്മ ങ്ങൾക്കാവശ്യമായ തിരുവസ്ത്രങ്ങൾ പ്ലാവു നിൽക്കുന്നതിൽ തൊമ്മനും അച്ചൻ മക്കിൽ തോമസും വീണ്ടും ഒരെണ്ണം കൂടി പ്ലാവു നിൽക്കുന്നതിൽ ജോസഫും (കുഞ്ഞേപ്പ്) സംഭാവന ചെയ്തു. കൂടാതെ ദേവാലയത്തിനുള്ളിലെ ഉപയോഗത്തിനായി മൂശാരിയേട്ടു കുടുംബാംഗങ്ങളായ മുതുകാട്ടിൽ ജോസഫ്, കിഴക്കേത്തൊട്ടിയിൽ ജോസഫ്, മുതുകാട്ടിൽ തോമസ്, വലിയപറമ്പിൽ അന്നമ്മ എന്നി വർ 6 ബഞ്ചുകളും പെമ്പംകുളം കുടുംബാംഗങ്ങളായ കൊല്ലമല പൈലോ, അഴകന്ത്രവടക്കേൽ ദേവസ്യാ, പുതുശ്ശേരിത്തൊട്ടിയിൽ ജോൺ എന്നിവർ 3 ബഞ്ചുകളും അങ്ങനെ ആകെ 9 ചാരുബഞ്ചു കളും സംഭാവന കിട്ടിയിട്ടുള്ളതാണ്.

കടപ്പൂരുപള്ളിയുടെ പണികൾ പൂർത്തിയായ ഉടനെ വെഞ്ച രിപ്പുനിള്ള കാര്യങ്ങൾ ആലോചിച്ചു. ബ. വികാരി ഫാ. മൈക്കിൾ പനച്ചിക്കൽ അഭിവന്ദ്യ പിതാവിനെ കണ്ടു തീയതി നിശ്ചയിച്ചു. 1967 ആഗസ്റ്റു മാസം 15നു ചൊവ്വാഴ്ച 3 മണിക്കു പാലാ രൂപതാ ദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിൽത്തിരുമേനി വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. തുടർന്ന് ആഘോഷമായ പൊന്തിഫിക്കൽ കുർബാനയും ലദീഞ്ഞും പ്രസംഗവും കുർബാനയുടെ വാഴ്‌വും പണിക്കാർക്കു സമ്മാനവിതരണവും ഉണ്ടായിരുന്നു. ഈ കർമ്മ ങ്ങളിൽ സംബന്ധിക്കുവാൻ നാനാഭാഗങ്ങളിൽ നിന്നും എല്ലാ മത വിശ്വാസികളും എത്തിയിരുന്നു എന്നതു പ്രത്യേകം സ്മരണീയമാ ണ്.

വെഞ്ചരിപ്പിനു ശേഷം ഞായറാഴ്ചകളിലും എല്ലാ കട മുള്ള ദിവസങ്ങളിലും ദിവ്യബലിയും മറ്റു പ്രാർത്ഥനകളും ധ്യാന ങ്ങളും നടത്തിപ്പോരുന്നു. ആദ്യതിരുനാൾ 1967 ഡിസംബർ 8,9,10 തീയതികളിൽ കരിമരുന്നുകലാപ്രകടനങ്ങളോടും ഒരു നാടക ത്തോടും കൂടി ആഘോഷിച്ചു. തുടർന്ന് 1968 ലെ മെയ്മാസവണക്കം 31–ാം തീയതി പാട്ടുകുർബാന, ലദീഞ്ഞ്, പ്രസംഗം, പ്രദക്ഷിണം, കരിമരുന്നുകലാപ്രകടനം, സലോമി എന്ന കഥാപ്രസംഗം എന്നി വയോടുകൂടി ആഘോഷിച്ചു. തുടർന്നും എല്ലാ വർഷവും ആഗസ്റ്റു 15, സെപ്റ്റംബർ 8 പാച്ചോറുനേർച്ചയോടുകൂടി, ഒക്ടോബർ 16 (ക ല്ലിട്ടതിരുനാൾ) ഡിസംബർ 8 എന്നീ തിരുനാളുകൾ പാട്ടുകുർബാന, ലദീഞ്ഞ് എന്നിവയോടുകൂടി മുടക്കമില്ലാതെ നടത്തിവരുന്നുണ്ട്.

1992 കടപ്പൂരുപള്ളിയുടെ രജതജൂബിലി വർഷമായിരുന്നു അത് ആഘോഷമായി കൊണ്ടാടണമെന്നു തീരുമാനിച്ചു. അതിനായി ബ. വികാരി ഫാ. സെബാസ്റ്റ്യൻ നടയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കുരിശുപള്ളിയിൽ ഒരു ആലോചനായോഗം ചേർന്നു നടത്തിപ്പിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. മൂശാരിയേട്ടു കുടുംബാംഗവും പഞ്ചായത്തുമെമ്പറുമായ സണ്ണി പുലിപ്രയും സഹപ്രവർത്തകരും നേതൃത്വം ഏറ്റെടുത്തു. 1992 ഡിസംബർ മാസം 11 മുതൽ 13 വരെ തീയതികളിൽ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുവാൻ തീരുമാനിച്ചു. മൂന്നു ദിവസം മുടങ്ങാതെ ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും നടത്തിയിരുന്നു.

13 ന് ഉച്ചകഴിഞ്ഞ് നാലരമണിക്കു മഠത്തിപ്പറമ്പു ജംഗ്ഷനിൽ ആഗതനായ അഭിവന്ദ്യപിതാവിനെയും, എം. പി. ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ ശ്രീ. പി. എം. മാത്യു, ജില്ലാ കൗൺസിൽ പ്രസിഡന്റ് ശ്രീ. റ്റി. വി. എബ്രാഹം, CSI പള്ളി വികാരി റവ. ഫാ. ജോൺ, NSS താലൂക്ക് പ്രസിഡന്റ് ശ്രീ. പങ്കജാക്ഷൻ നായർ, SNDP താലൂക്ക് യൂണിയൻ പ്രസിഡന്റ് നസീർ ജി, പഞ്ചായത്തു പ്രസിഡന്റ് ശ്രീ. സണ്ണി തെക്കേടം മുതലായവരെ കുരിശുപള്ളിസമ്മേളനപ്പന്തൽ വരെ ബാന്റു മേളങ്ങളോടെ വമ്പിച്ച ഒരു ജനാവലി ആനയിച്ചു സ്വീകരിച്ചു. റോഡിന്റെ ഇരുവശങ്ങളും പന്തലും മൈതാനവും കൊടിതോരണങ്ങളാൽ അലംകൃതമായിരുന്നു. പ്രസംഗകരെല്ലാം ഈ പള്ളി ഏറ്റവും വേഗം അഭിവൃദ്ധിപ്പെട്ട് ഒരു ഇടവകയായി ഉയരട്ടെ എന്നാശംസിച്ചു. കലാപരിപാടികളും ഉണ്ടായിരുന്നു.

വെഞ്ചരിപ്പു മുതൽ ഇന്നുവരെ തുടർച്ചയായി എല്ലാദിവസവും പ്രത്യേകം എല്ലാ വെള്ളിയാഴ്ചകളിലും പള്ളിയുടെ സമീപവാസികളായ ഹിന്ദുകുടുംബങ്ങൾ പുറത്തുള്ള മാതാവിന്റെ പെഡസ്റ്റൽ രൂപത്തിനു മുമ്പിൽ എണ്ണത്തിരികളും മെഴുകുതിരികളും കത്തിച്ചു ധ്യാനനിരതരായി നിന്നു പ്രാർത്ഥിക്കാറുണ്ട്. ഇതിൽ നിന്ന് ഇവിടത്തെ സമുദായമൈത്രിയുടെ ആഴം എത്രമാത്രമെന്നു മനസ്സിലാകുമല്ലോ. ഈ ചരിത്രരേഖയിൽ ഇക്കാര്യം അഭിമാനത്തോടെ ഞങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഈ പള്ളിയുടെ വെഞ്ചരിപ്പു കഴിഞ്ഞ് അധികം താമസിയാതെ ഇവിടെ നശിച്ചുപോയ ദേവീക്ഷേത്രം പുനരുദ്ധരിക്കുവാൻ ഇവിടത്തെ ഹിന്ദുസഹോദരന്മാർ തീരുമാനിച്ചു. അവർ ഒരു കമ്മറ്റി രൂപവത്കരിച്ചു. അതിന്റെ നേതൃത്വം റിട്ടയേർഡ് ഗവ. സർവ്വേ ഉദ്യോ

ഗസ്ഥനും യശ.ശരീരനുമായ തോട്ടപ്പള്ളി കരോട്ടു രാമചന്ദ്രൻനായരും മറ്റും ഏറ്റെടുത്തു. സത്യസന്ധത, ആത്മാർത്ഥത, ത്യാഗസന്നദ്ധത എന്നിവയുടെ പ്രതീകമായിരുന്നു അദ്ദേഹം. തന്റെ ആരോഗ്യവും കുടുംബകാര്യങ്ങളും മറന്ന് പണിയെടുത്ത് ക്ഷേത്ര നിർമ്മാണം പൂർത്തിയാക്കി തന്നെത്തന്നെയും കടപ്പൂരുഗ്രാമത്തെയും ദേവിക്കു സമർപ്പിച്ചു. ഈശ്വരാരാധനയുടെ മഹത്വം ഇവരിൽ എത്രമാത്രമുണ്ടായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അങ്ങനെ മനോഹരമായ ഒരു ക്ഷേത്രവും കുളവും ഉണ്ടായി. ഇങ്ങനെ ഈശ്വരാനുഗ്രഹത്താൽ പൂർവ്വികരുടെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കപ്പെട്ടു. നന്മയും അനുഗ്രഹവും പാപമോചനവും അനുദിനം ഉണ്ടാകട്ടെ എന്ന യാചനയോടെ പൂജാദികർമ്മങ്ങൾ തുടരെ നടത്തിവരുന്നു.

പിന്നീട് ഈ ഗ്രാമത്തിൽ കീപ്പള്ളി ജംഗ്ഷനിൽ വിശുദ്ധ ഗീവർഗീസിന്റെ നാമത്തിൽ ഒരു ചാപ്പൽ പണിതുയർത്തി. 1995 ഏപ്രിൽ മാസത്തിൽ വിശുദ്ധന്റെ തിരുനാൾദിവസം പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനി വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു. ആഘോഷങ്ങൾക്കും വന്ദ്യ പിതാവിനെ സ്വീകരിക്കുന്നതിനും കൂടല്ലൂർ പള്ളി വികാരി ഫാ. തോമസ് ഐരമന നേതൃത്വം കൊടുത്തു.

വിശുദ്ധ അമലോത്ഭവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ച പള്ളിയുമായി എന്നും ബന്ധപ്പെട്ടു ശ്രമദാനവും സംഭാവനയും സഹകരണവും വഴി സഹായിച്ച നിര്യാതരായ കുടുംബാംഗങ്ങളെല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ഇന്നു ജീവിച്ചിരിക്കുന്നവരും പള്ളിയുമായി ബന്ധപ്പെട്ടുപോരുന്നവരുമായ മൂശാരിയേട്ട്, ചെമ്പംകുളം, മൂത്തേടത്ത്, പ്ലാത്തോട്ടം ഈഴപ്പടം, പുന്നക്കാപ്പുഴ, പുഞ്ചാപറമ്പിൽ, കളരിക്കൽ, കോഴിമുള്ളോരം, മുരിക്കുനിൽക്കുന്നതിൽ, മറ്റത്തിൽ (കൊല്ലപ്പള്ളിൽ) പറമ്പേട്ട്, വാളിയാനിത്തൊട്ടി, പുത്തൻപുരയ്ക്കൽ, അച്ചൻമാക്കീൽ, പന്തിരുനാഴിമലയിൽ, നിരപ്പേൽ, കുടിലിൽ, വാഴവേലിയ്ക്കകം, പ്ലാവുനിൽക്കുന്നതിൽ, തേവന്റേട്, കാരിക്കാട്ട്, മാളിയേക്കൽ, കളപ്പുര-എട്ടിയാലക്കുഴിഎന്നീ കുടുംബംഗങ്ങൾ മുഴുവനും പേരെടുത്തു പറയാൻ വിട്ടുപോയെങ്കിൽ അവരെയും ഈ വിശദീകരണത്തിലൂടെ ഞങ്ങൾ സ്മരിക്കുന്നു.

കൂടാതെ, ഈ പള്ളി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ദാനം തന്നു പണിതുയർത്തുന്നതിൽ സഹകരിച്ച്, സംഭാവനകളും ചെയ്ത കടപ്പൂര് വേങ്ങയിൽ ശ്രീ ചെറിയാൻ ജോസഫിനെയും അദ്ദേഹത്തിന്റെ ഏകസഹോദരനും അമേരിക്കയിൽ സഭാവേദിയിലും ഗവൺമെന്റു തലത്തിലും പേരും പെരുമയുമുള്ള ഫാ. ടോം വേങ്ങയിൽ അവർകളെയും പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. തൊമ്മച്ചൻ എന്നു വിളിക്കുന്ന ടോം അച്ചൻ ഈ പള്ളിക്കുവേണ്ടി വളരെ കാര്യങ്ങൾ ചെയ്തു സഹായിച്ചതിനു പുറമേ 1995 മെയ്മാസത്തിൽ ഇവിടത്തെ ദിവ്യബലിക്കായി വിലപിടിപ്പുള്ള ഒരു കാസായും സംഭാവന ചെയ്തിട്ടുണ്ട്. തുടർന്നും ഇതിന്റെ അഭിവൃദ്ധിക്കുവണ്ട സ്ഥാപനങ്ങൾ നിർമ്മിക്കാൻ കാര്യമായ സഹായം ചെയ്യാമെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ അദ്ദേഹം ഞങ്ങളോടൊപ്പമുണ്ട് എന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുകയും അദ്ദേഹത്തിന്റെ സഹോദരനും കുടുംബാംഗങ്ങൾക്കും എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

ഈ പള്ളിക്കുപയോഗിച്ച കരിങ്കല്ലു മുഴുവനും ദാനമായി തരുകയും അതു പൊട്ടിച്ചുകൂട്ടിയതുമുതൽ പണി പൂർത്തിയാകുന്നതുവരെ എല്ലാം മറന്നു സഹകരിച്ച് കഠിനാദ്ധ്വാനം ചെയ്ത്, ഇന്നു വാർദ്ധക്യവും രോഗവുമായിക്കഴിയുന്ന തെക്കേക്കര മത്തൻ എന്നു വിളിക്കുന്ന മത്തായിയെയും രോഗിയായ ഭാര്യ ത്രേസ്യാമ്മയെയും സ്മരിക്കുന്നു. ഒരിക്കൽ, കല്ലു ചുമന്നവർക്കു ആഹാരം പാകംചെയ്യാൻ വിറകില്ലായിരുന്നു. ഉടനെ തന്റെ അന്നത്തെ പുരയുടെ കണിയാരകഴുക്കോൽ വലിച്ചൂരി വിറകാക്കി ഭാര്യയ്ക്കു കൊടുത്ത് ആഹാരം പാകം ചെയ്ത കാര്യം ഇന്നും എല്ലാവരും ഓർക്കുന്നു. എല്ലാക്കാര്യങ്ങളിലും അദ്ദേഹത്തിന്റെ സഹകരണം ഈ വിധം ആത്മാർത്ഥത നിറഞ്ഞതാണ്. ഏകമകൻ തോമസും കുടുംബവും ഇതുപോലെതന്നെ സഹകരിച്ചിട്ടുണ്ട്.

അതുപോലെതന്നെ ഈ പള്ളിപണിക്കുപയോഗിച്ച വെട്ടുകല്ലു മുഴുവനും ദാനമായിത്തരുകയും എല്ലാ സമയവും ഇതിന്റെ ഉയർച്ചയ്ക്കായി നിലകൊള്ളുകയും കഠിനാദ്ധ്വാനം ചെയ്തു പണി പൂർത്തിയാക്കാൻ സഹകരിക്കുകയും ചെയ്ത കൊല്ലമല പൈലോയെയും കുടുംബാംഗങ്ങളെയും സ്മരിക്കുന്നു. ആണ്ടുതോറും സെപ്റ്റംബർ 8-ാം തീയതി തിരുനാളിൽ പാച്ചോർ നേർച്ച പാചകം ചെയ്യുന്നതിനാവശ്യമായ വിറകും ദാനമായി കൊണ്ടുവരുന്നതും കൊല്ലമലനിന്നാണ്.

അവസാനമായി ഇങ്ങനെ ഒരു ചരിത്രം എഴുതുന്നതിനു ഞങ്ങളെ പ്രേരിപ്പിച്ച കാരണങ്ങൾ വിശദീകരിക്കേണ്ടതുണ്ട്. എന്തെന്നാൽ, എവിടെയൊക്കെ ദേവാലയം സ്ഥാപിച്ചിട്ടുണ്ടോ അവിടെ ഒന്നും ആദ്യകാലചരിത്രം ഉള്ളതായി വായിച്ചിട്ടില്ല. ആരും എഴുതി വച്ചിട്ടുമില്ല വർഷങ്ങൾക്കുശേഷം ആഘോഷങ്ങളോ ജൂബിലികളോ നടത്തുവാൻ തീരുമാനിച്ച് അന്വേഷിക്കുമ്പോൾ ആരംഭകാലത്തെ പള്ളിസംബന്ധമായ രേഖകളൊന്നും സ്ഥാപനകാലത്ത് എഴുതിവച്ചിട്ടില്ല എന്ന് മനസ്സിലാക്കുന്നു. അതിനാൽ ആധികാരികമായ ആരംഭചരിത്രങ്ങൾ ഇല്ലാതെയാണു ഭൂരിപക്ഷം പള്ളികളുടെയും ചരിത്രം തുടങ്ങുന്നത്. അതുതന്നെയാണ് പുരാതനകുടുംബങ്ങളുടെയും സ്ഥിതി. എന്നാൽ, ഈ പള്ളിയുടെ ചരിത്രത്തിനാധാരമായ എല്ലാ വസ്തുതകളും കണക്കുകളും ലഭിച്ചിട്ടുള്ളത് ഈ പള്ളി പണിയുന്ന കാലത്ത് ഇതിനു നേതൃത്വം കൊടുത്ത മുതുകാട്ടിൽ ജോസഫും സഹോദരൻ കിഴക്കേത്തൊട്ടിയിൽ ജോസഫും അന്ന് എഴുതി സൂക്ഷിച്ചിട്ടുള്ളതിൽ നിന്നാണ്. അതിനാൽ ദശാബ്ദങ്ങൾ കഴിഞ്ഞാലും ഈ കടപ്പൂര് പള്ളിയേപ്പറ്റി മൂശാരിയേട്ടു കുടുംബാംഗങ്ങളിൽ ഞങ്ങളെത്തിക്കുന്ന ഈ ചരിത്രപുസ്തകത്തിൽ നിന്നും സംശയമെന്യേ വിശദവിവരങ്ങൾ അറിയാൻ കഴിയണമെന്ന നിഗമനത്തിലാണ് ഇത്രയും ബൃഹത്തായ ഒരു സംരംഭത്തിനു ഞങ്ങൾ തയ്യാറായത്. ഇതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും എല്ലാ മംഗളങ്ങളും ആശംസിച്ചുകൊണ്ടും

എഡിറ്റോറിയൽ കമ്മറ്റിയും

**മൂശാരിയേട്ടു കുടുംബാംഗങ്ങളും**